കൊറേ കാടുകളിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഏക വനപത്രം

16
മാർച്ച്
2020

# ജംഗിൾ ന്യൂസ്

JUNGLE NEWS DAILY, PUBLISHED FROM THIRUVANAM PURAM, KOZHIKOOD, ERUMAKULAM, MAYILPURAM, PATTIKKAD, KAKKANCHERY

ജംഗിൾ ന്യൂസ് പത്രത്തിലേക്ക് കൂട്ടുകാരുടെ രസകരമായ വാർത്തകൾ ക്ഷണിക്കുന്നു..
പേര്, ക്ലാസ്, സ്കൂൾ എന്നിവ ചേർക്കാൻ മറക്കരുത്.
വാർത്തകൾ വാട്സാപ്പ് ചെയ്യുക:
8281572448

## മറോണ, പേടിക്കേണ്ട, ജാഗ്രത മതി



**ന്യൂ ജംഗ്ൾ-** ചൈനയിലെ വൻകാടുകളിൽ മൃഗങ്ങളെ ഭീതിയിലാക്കിയ മറോണയെ കുറിച്ച് അനാവശ്യമായ ഭയത്തിന്റെ ആവശ്യമില്ലെന്നും എല്ലാവരും ശ്രദ്ധിച്ചാൽ മതിയെന്നും ആരോഗ്യ വകുപ്പ്. രോഗലക്ഷണങ്ങൾ കണ്ടാൽ ഉടനെ ഹോസ്പിറ്റൽ വൃത്തങ്ങളുമായി ബന്ധപ്പെട്ടണമെന്നും അറിയിച്ചു. കാടളത്തു നിന്ന് ഒരുപാട് കുട്ടികൾ ചൈനയിൽ പഠിക്കുന്നുണ്ട്. അവരെയെല്ലാം നാട്ടിലെത്തിക്കാനുള്ള ശ്രമങ്ങൾ നടത്തിവരികയാണെന്നും ആരോഗ്യവൃത്തങ്ങൾ അറിയിച്ചു.

## വ്യാജവാർത്ത ആറുപേർ അറസ്റ്റിൽ



**ആനവളവ്-** മറോണ വൈറസിനെ കുറിച്ച് വ്യാജവാർത്ത ഫേസ്ബുക്കിലും വാട്ട്സപ്പിലും പ്രചരിപ്പിച്ച ആറുപേരെ പോലീസ് അറസ്റ്റ് ചെയ്തു. മറോണ വൈറസ് പാറിപ്പാറി ആകാശത്തേക്ക് പോയെന്നും അതൊരു മേഘശകലമായി മാറുകയും ഇനിയത് മഴയായി പെയ്യുമെന്നും ശേഷമത് പുഴയിലേക്കും കടലിലേക്കും വ്യാപിക്കുമെന്നുമെല്ലാം പച്ചക്കള്ളങ്ങൾ ഫ്രോഡ് കുറുക്കൻ ഫേസ്ബുക്കിൽ കുറിച്ചത്. അത് ഷെയർ ചെയ്യുകയായിരുന്നു കുറുക്കന്റെ ചങ്കുകളായ മറ്റു അഞ്ചുപേർ. എന്തിനാണ് ഇങ്ങനെ നുണകൾ പ്രചരിപ്പിക്കുന്നത് എന്ന് പോലീസ് ഫ്രോഡ് കുറുക്കനോട് ചോദിച്ചപ്പോൾ 'ഒരു മനസ്സുഖം ' എന്നായിരുന്നു പ്രതികരണം.

## തൊഴിലില്ലായ്മ കൂടുന്നത് പണിയെടുക്കാത്തതുകൊണ്ട്



വെള്ളരിക്കാ കാട്- കാട്ടിൽ തൊഴിലില്ലായ്മ കൂടുന്നത് ആരും പണിയെടുക്കാത്തത് കൊണ്ടാണെന്നും അതിനും പ്രധാനമന്ത്രി നരേന്ദ്ര മങ്കനെ കുറ്റം പറയുന്നത് ശരിയല്ലെന്നും ആഭ്യന്തര മന്ത്രി അമിത് കാക്ക പറഞ്ഞു. നിങ്ങളെല്ലാം പണിക്ക് പോയാൽ എല്ലാവർക്കും തൊഴിലുണ്ടാകുമെന്നും കാട് ഇന്ന് സമ്പദ് സമൃദ്ധിയിൽ ആയതിനാൽ എല്ലാരും മടിപിടിച്ച് വീട്ടിൽ ഇരിക്കുകയാണെന്നും അമിത് കൂട്ടിച്ചേർത്തു.
ഒന്നിനെ കുറിച്ചും ഒരു ചുക്കും അറിയാത്ത കുറേപേർ അധികാരത്തിലെത്തി എന്തെല്ലാം പൊട്ടത്തരങ്ങളാണീ പറയുന്നത് എന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞു. പട്ടിണിയെ കുറിച്ച് പറഞ്ഞാൽ നിങ്ങളൊന്നും തിന്നാത്തത് കൊണ്ടാണ് നിങ്ങൾക്ക് വിശക്കുന്നത് എന്നാകും ഇവർ പറയുക. പെട്രോളിന് വില കൂടുന്നു എന്നു പറഞ്ഞാൽ ആ പൈസകൊണ്ട് നിങ്ങൾക്ക് കക്കൂസ് ഉണ്ടാക്കിത്തരാം എന്നും പറയും. ഈ മോശം ഭരണത്തിനെതിരെ എല്ലാവരും രംഗത്തിറങ്ങണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## മാജിക് മങ്കന് ചിരി നിർത്താൻ പറ്റുന്നില്ല



**കുതിരക്കാട്-** നാട്ടിലെ കലാകാരനും മാജിക് വിദ്വാനുമെല്ലാമായ മാജിക് മങ്കന് രണ്ട് ദിവസമായി ചിരി നിർത്താൻ പറ്റുന്നില്ല. ചിരി നല്ലതല്ലേ, ആയുസ്സ് കൂട്ടില്ലേ.. എന്നായിരുന്നു ആദ്യം അയൽക്കാർ കരുതിയത്. എന്നാൽ ഈ ചിരി കൊലച്ചിരിയാണെന്നും അപകടമാണെന്നും പിന്നീടാണെ എല്ലാവർക്കും തോന്നിയത്. കാട്ടിലെ ഫെസ്റ്റിനോട് അനുബന്ധിച്ച് ചിരിക്കാത്ത മൃഗം എന്ന ഇനം കാണിക്കുകയായിരുന്നു മങ്കൻ. അവനെ ഒരുപാട് പേർ ചിരിപ്പിക്കാൻ നോക്കിയിട്ടും നടന്നില്ല. എന്നാൽ കൂട്ടുകാരനായ പപ്പൻ കുരങ്ങനെ കണ്ടതോടെ ചിരിക്കാൻ തുടങ്ങിയതാണ്. ആപ്പ് തെന്നി പപ്പന്റെ വാല് മരത്തിനിടയിൽ കുടുങ്ങിയിരുന്നു. ആ ചതഞ്ഞ വാല് കണ്ടിട്ടാണൊ മങ്കൻ ചിരിക്കുന്നത് എന്നാണ് സംശയിക്കുന്നത്. ഇപ്പോൾ മെഡിക്കൽ കോളേജിൽ ചികിൽസയിലാണ് മങ്കൻ.

കൺകറന്റ് ലിസ്റ്റ് എന്ന ആശയം ഭരണഘടന കടമെടുത്തത് ഏത് രാജ്യത്തുനിന്ന് – ഓസ്ട്രേലിയ